# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 909 | 07.02.2013 ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലചൂഷണം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂഗർഭ ജലചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) കേരളത്തിലെ ഭൂജല ചൂഷണം തടയുന്നതിനായി 2002-ൽ നിലവിൽ വന്ന കേരളം ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ നടപടികളും ഭൂജല വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്കും ഭൂജല ചൂഷണം ശ്രദ്ധയിൽപെടുന്ന അവസരങ്ങളിലും ആയവ തടയുവാനായി നടപടി കൈക്കൊണ്ടു വരുന്നു. |
| (സി) ബോട്ടിലിംഗ് പ്ലാന്റ് പോലുള്ള വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ? | (സി) ബോട്ടിലിംഗ് പ്ലാന്റ് പോലുള്ള ഭൂജലം ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് പ്രവർത്തനം ആരംഭിക്കുവാനായി ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി ആവശ്യമാണ്. അതിനായി സ്ഥാപനങ്ങളോ, വ്യക്തികളോ നിർദ്ദിഷ്ട അപേക്ഷ ബന്ധപ്പെട്ട ഭൂജല വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പമ്പിംഗ് ടെസ്റ്റ് ഉൾപ്പെ- ടെയുള്ള ശാസ്ത്രീയമായ പഠനം നടത്തി അപേക്ഷ ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി പരിശോധി ക്കുന്നു. പ്രസ്തുത കമ്മിറ്റിയിൽ കേന്ദ്ര ഭൂജല ബോർഡ്, മലിനീകരണ |

(..2..)

നിയന്ത്രണ ബോർഡ്, വ്യവസായ വകുപ്പ്, ഭൂജല വകുപ്പ് തുടങ്ങിയവയിലുള്ള ഉദ്യോഗസ്ഥർ അംഗങ്ങളാണ്. തുടർന്ന് ഈ കമ്മിറ്റിയുടെ ശുപാർശയോടെ ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്കായി പ്രസ്തുത അപേക്ഷ സമർപ്പിക്കുകയും ഭൂജല അതോറിറ്റി അതിൻമേൽ തീരുമാനം കൈകൊണ്ട് എൻ.ഒ.സി. നൽകുകയോ നിരസിക്കുകയോ ചെയ്യുന്നു.

സെക്ഷൻ ഓഫീസർ